**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം : 3840** **26.06.2012-ൽ മറുപടിക്ക്.**

# ഹജ്ജ് സബ്സിഡി നിർത്തലാക്കണമെന്ന സുപ്രീം കോടതി വിധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ഹജ്ജ് സബ്സിഡി നിർത്തലാക്കണമെന്ന സുപ്രീം കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) എങ്കിൽ ഇതുമൂലം കേരളത്തിലെ സാധാരണക്കാരായ ഹാജിമാർക്കുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : (എ) & (ബി)<br>ഉണ്ട്. |
| (സി) സാധാരണ യാത്രക്കാരിൽ നിന്ന് വ്യത്യസ്തമായി ഹജ്ജ് യാത്രക്കാരിൽ നിന്ന് വർദ്ധിച്ച ടിക്കറ്റ് നിരക്കാണ് എയർ ഇന്ത്യ ഈടാക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) എങ്കിൽ സബ്സിഡി മൂലമുള്ള സാമ്പത്തിക നേട്ടം ലഭ്യമാകുന്നത് എയർ ഇന്ത്യയ്ക്കാണെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ ; | : (ഡി) എയർ ഇന്ത്യ അടക്കമുള്ള വിമാനക്കമ്പനികൾക്കാണ് നേട്ടം എന്ന് പരക്കെ ആക്ഷേപം ഉയർന്നുവന്നിട്ടുണ്ട്. |

(മറുപുറം)

(ഇ ) സബ്സിഡി നിർത്തലാക്കുന്ന സാഹചര്യത്തിൽ യഥാർത്ഥ വിമാന നിരക്ക് ഹാജിമാർക്ക് ലഭ്യമാക്കുന്നതിലേയ്ക്കായി ആഗോളതലത്തിൽ വിമാന കമ്പനികളുടെ ഓപ്പൺ ടെണ്ടർ ക്ഷണിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ ?

: (ഇ ) കേന്ദ്ര സബ്സിഡി നിർത്തുന്നത് മൂലമുള്ള പ്രയാസങ്ങൾ ലഘൂകരിക്കുന്ന വിഷയം കേന്ദ്ര സർക്കാരിന്റെയും മറ്റ് ബന്ധപ്പെട്ടവരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിന് ഒരു പ്രതിനിധി സംഘത്തെ അയയ്ക്കുന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ